MOST URGENT

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ. AGRI-EA1/162/2024-AGRI

കൃഷി (ഇഎ) വകുപ്പ്
30-10-2024,തിരുവനന്തപുരം

എ.പി.സി. & പ്രിൻസിപ്പൽ സെക്രട്ടറി

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- കൃഷി വകുപ്പ്- പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിലേയ്ക്ക് അന്യത്രസേവനം- സമ്മതപത്രം ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

സൂചന:- 09/08/2024, 04/10/2024 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കാർ കത്തുകൾ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിലേയ്ക്ക് അന്യത്രസേവനത്തിൽ തുടരുന്ന സമീപ തീയതികളിൽ കാലാവധി കഴിയുകയും ചെയ്യുന്ന അസിസ്റ്റന്റ് ഡയറക്ടർമാരിൽ നിന്നും ഡെപ്യൂട്ടേഷനിൽ തുടരുവാൻ താത്പര്യമുള്ള അസിസ്റ്റന്റ് ഡയറക്ടർമാരിൽ നിന്നും ടി സേവനം ദീർഘിപ്പിച്ച് നൽകുന്നതിനുള്ള ക്രമപ്രകാരമുള്ള അപേക്ഷ താങ്കളുടെ നിരാക്ഷേപ പത്രം സഹിതം അടിയന്തിരമായി ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു. അതോടൊപ്പം ടി തസ്തികയിലേയ്ക്ക് അന്യത്രസേവനത്തിന് നിലവിൽ ഒഴിവുള്ള 5 തസ്തികകളിലേയ്ക്കും ഉദ്യോഗസ്ഥരിൽ നിന്നും താത്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിരാക്ഷേപപത്രം സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാനും താത്പര്യപ്പെടുന്നു.

**നെല്ല് സംഭരണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.**

വിശ്വസ്തതയോടെ,
**ബാലഗോപാൽ കെ കെ**
അഡിഷണൽ സെക്രട്ടറി
എ.പി.സി. & പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Aswathi S Poonkavanam
Date: 30-10-2024 15:50:13
സെക്ഷൻ ഓഫീസർ.